പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7238

3/11/.2011 ൽ മറുപടിക്ക്

## വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ) വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാമാണ്; | എ) സർക്കാരിന്റെയും വിവിധ വകുപ്പുകളുടെയും പ്രവർത്തനങ്ങളും ജനങ്ങളെ അറിയിക്കേണ്ട വിവരങ്ങളും വിവിധ മാധ്യമങ്ങൾ വഴി ജനങ്ങളിൽ എത്തിക്കുക, സർക്കാരിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിലൂടെയും നേരിട്ടുമുള്ള പൊതുജനപ്രതികരണങ്ങൾ ബന്ധപ്പെട്ടവർക്കെ - ത്തിക്കുക, സർക്കാരിനും ജനങ്ങൾക്കുമിടയിൽ ഫലപ്രദമായ കണ്ണിയായി പ്രവർത്തിച്ച് സമൂഹവും സർക്കാരും തമ്മിൽ സുദൃഢമായ പാരസ്പര്യം ഉറപ്പാക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ.<br>പ്രധാനപ്രവർത്തനങ്ങൾ ചുവടെ പറയുന്നു<br><br>1) സർക്കാരിന്റെ നയങ്ങളും പരിപാടികളും പ്രചരിപ്പിക്കുക<br>2)സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളെയും വികസനപ്രവർത്തനങ്ങളെയും കുറിച്ച് അച്ചടി - ദൃശ്യ,ശ്രവ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുക.<br>3)സാമൂഹികമായുംവികസനപരമായും പ്രധാന്യ- മുള്ള വിഷയങ്ങളെക്കുറിച്ച് ലഘുലേഖകൾ പ്രസിദ്ധീകരിക്കുക<br>4)സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളുടെ പ്രതികരണം സർക്കാരിനെ അറിയിക്കുക.<br>5)സർക്കാരിന്റെ പരസ്യങ്ങൾ പത്രമാധ്യമങ്ങൾക്ക് നൽക ുകയും പരസ്യക്കൂലി നൽകുകയും ചെയ്യുക<br>6)മാധ്യമപ്രവർത്തകർക്ക് അവാർഡ്, പെൻഷൻ, ധനസഹായം എന്നിവ നൽകുക<br>7)ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങൾ നടത്തുക<br><br>കൂടാതെ സർക്കാരിന്റെ നവീകരിച്ച വെബ്പോർട്ടൽ സി.എം.എഫ് പ്ലാറ്റ്ഫോമിൽ പരിഷ്ക്കരിച്ച് സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്യുകയും സംസ്ഥാന മന്ത്രിമാർക്കുള്ള ഔദ്യോഗിക വെബ്സൈറ്റുകൾ വിവരാവകാശ നിയമസഹായത്തിനുള്ള സർവീസ് പോർട്ടൽ ശബരിമല തീർത്ഥാടകർക്കുള്ള പ്രത്യേക |

| | | | |
|---|---|---|---|
| | | | വെബ്സൈറ്റ് എന്നിവ ഹോസ്റ്റ് ചെയ്യുന്നതും ഐ&പി.ആർ.ഡി. ആണ്. |
| ബി) | പത്രദൃശ്യമാധ്യമങ്ങളിൽ വകുപ്പിനെതിരെ വരുന്ന വിമർശനങ്ങളും ആക്ഷേപങ്ങളും സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | ഇത്തരം റിപ്പോർട്ടുകളിൻമേൽ സ്വീകരിച്ചു വരുന്ന തുടർ നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ; | സി) | സർക്കാരിനെതിരെ പത്രദൃശ്യമാധ്യമങ്ങളിൽ വരുന്ന വിമർശനങ്ങളും ആക്ഷേപങ്ങളും സംബന്ധിച്ച റിപ്പോർട്ടിന്റെ പ്രസ് ക്ലിപ്പിങ് ഓൺലൈനായി മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർക്കും ലഭ്യമാക്കാറുണ്ട്. |
| ഡി) | പ്രസ്തുത വകുപ്പ് വഴി സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വസ്തുതാപരമല്ലാത്ത വിവരങ്ങൾ അടങ്ങിയ പരസ്യങ്ങളും ലഘുലേഖകളും അച്ചടിച്ച് ജനങ്ങളിൽ എത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ ഇതിനകം പുറപ്പെടുവിച്ച പരസ്യങ്ങളി - ലേയും ലഘുലേഖകളിലേയും മറ്റും വിവരങ്ങളുടെ ഉത്തരവിദിത്വം ആർക്കാണെന്ന് വ്യക്തമാക്കുമോ? | ഡി) | ഇല്ല<br>വിവിധ വകുപ്പുകളിൽ നിന്ന് നൽകുന്ന മാറ്റർ പരസ്യരൂപത്തിൽ ലേഔട്ട് ചെയ്ത് മാധ്യമങ്ങൾക്ക് നൽകുകയാണ് ഐ&പി.ആർ.ഡി. പരസ്യവിഭാഗം ചെയ്യുന്നത്. മാറ്റർ തരുന്ന വകുപ്പുകൾക്ക് തന്നെയാണ് ഈ വിവരങ്ങളുടെ ഉത്തരവാദിത്വം. |

സെക്ഷൻ ഓഫീസർ